I ഇ.ബി. XIII – കേരള നിയമസഭ/I-11

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ജൂലൈ 13, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**അടിയന്തിരപ്രമേയം**

**മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടുള്ള സ്ഥലംമാറ്റം**

മി. സ്പീക്കർ: മാനദണ്ഡങ്ങൾ ലംഘിച്ച് കൂട്ടസ്ഥലംമാറ്റം നടത്തിയതിന്റെ ഫലമായി വിവിധ സർക്കാർ ഓഫീസുകളിലും പോലീസ് സ്റ്റേഷനുകളിലും ജോലിക്ക് ചേരേണ്ട ജീവനക്കാർ ജോയിൻ ചെയ്യാതിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ. ബാലൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): തെരഞ്ഞെടുപ്പ് ചട്ടങ്ങൾ നിലനിന്നിരുന്നതുകൊണ്ട് മാർച്ച് ഒന്ന് മുതൽ മേയ് പതിനെട്ട് വരെ

സ്ഥലംമാറ്റം നടത്താൻ സാധിച്ചില്ല. തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പിൻവലിച്ച ശേഷം ജീവനക്കാരുടെ ഓപ്ഷനും ദൂരപരിധിയുംകൂടി കണക്കിലെടുത്തു കൊണ്ടാണ് സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്. സ്ഥലംമാറ്റത്തെക്കുറിച്ച് ലഭിച്ച പരാതികൾ പരിശോധിച്ച് പലതിനും പരിഹാരമുണ്ടാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ചില നിർദ്ദേശങ്ങൾ പുന:പരിശോധിക്കണമെന്ന് കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാവുന്നതെല്ലാം ചെയ്യും.

ശ്രീ. എ. കെ. ബാലൻ: ജീവനക്കാരെ വിശ്വാസത്തിലെടുക്കാതെ സർക്കാർ മുന്നോട്ടുപോയാൽ ഭരണസ്തംഭനമുണ്ടാകും. എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ട് ആയിരക്കണക്കിന് ജീവനക്കാരെ ട്രാൻസ്ഫർ ചെയ്തതുകാരണം ജീവനക്കാരുടെ കുടുംബജീവിതം താറുമാറാവുകയും കുട്ടികളുടെ വിദ്യാഭ്യാസം തകരുകയും ചെയ്തു. ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ ട്രാൻസ്ഫർ നടത്താൻ കഴിഞ്ഞില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ജനറൽ ട്രാൻസ്ഫർ നടത്തുന്നതിന് ജീവനക്കാരിൽനിന്നും ഓപ്ഷൻ വാങ്ങണം. അതിന് കടകവിരുദ്ധമായിട്ടാണ് ട്രാൻസ്ഫറുകൾ നടത്തിയിട്ടുള്ളത്. സാധാരണനിലയിൽ മൂന്നുവർഷം കഴിഞ്ഞ് ട്രാൻസ്ഫർ ചെയ്യാറുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് അഞ്ചുവർഷമാക്കി. മൂന്നുവർഷം തികയുന്നതിനുമുമ്പ് മൂവായിരത്തിലധികം പോലീസുകാരെയാണ് ഇപ്പോൾ സ്ഥലം മാറ്റിയിട്ടുള്ളത്. 32 പോലീസുകാർ കേസ്സിനുപോയതിന്റെ ഫലമായി ഹൈക്കോടതി ട്രാൻസ്ഫർ ക്യാൻസൽ ചെയ്യുകയും മൂന്നുവർഷം തികയാത്തവരെ അതാത് സ്റ്റേഷനിൽത്തന്നെ നിലനിറുത്തി അല്ലാത്തവരെ മാനദണ്ഡപ്രകാരം ട്രാൻസ്ഫർ ചെയ്യണമെന്നും റിലീവ് ചെയ്യാത്തവർ റിലീവ് ചെയ്യേണ്ടാ എന്നും വിധി പ്രഖ്യാപിച്ചിരിക്കുകയാണ്. ക്യാൻസർ

ബാധിതരേയും വികലാംഗരേയും സ്ഥലംമാറ്റത്തിന് വിധേയരാക്കുകയും കൈക്കൂലി കേസിൽ തിരുവനന്തപുരം നഗരസഭയിൽനിന്നും വിജിലൻസ് പിടികൂടിയ വ്യക്തിയെ പ്രൊമോഷൻ നൽകി അവിടെ നിയമിക്കുകയും ചെയ്തു. രജിസ്ട്രേഷൻ വകുപ്പിൽനിന്ന് 144 സബ്‌രജിസ്ട്രാർമാരെയും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കൂട്ടത്തോടെ സ്ഥലം മാറ്റിയിരിക്കുകയാണ്. പട്ടികജാതിയിൽപ്പെട്ടവർ, വനിതകൾ, വികലാംഗർ, മിശ്രവിവാഹിതർ, രോഗികൾ തുടങ്ങിയവർക്ക് അനുവദിച്ചിട്ടുള്ള മാനദണ്ഡപ്രകാരമുള്ള പ്രൊട്ടക്ഷൻ ലംഘിച്ചാണ് ട്രാൻസ്ഫർ നടത്തിയിരിക്കുന്നത്. ഇതിൽ പ്രതിഷേധിച്ച് സർക്കാർ ജീവനക്കാർ 14-07-2011-ന് നിയമസഭാ മാർച്ച് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ജീവനക്കാരെ തെരുവിലിറക്കി ഭരണസ്തംഭനമുണ്ടാക്കാൻ സർക്കാർ ശ്രമിക്കരുത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സമീപനം മാത്രമേ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുകയുള്ളൂ. മാർച്ച് 1-ന് ഇലക്ഷൻ ചട്ടം നിലവിൽ വന്നതുകൊണ്ടാണ് ട്രാൻസ്ഫർ നടക്കാതിരുന്നത്. ജീവനക്കാരിൽ നിന്ന് വാങ്ങുന്ന ഓപ്ഷന്റെകൂടി അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം നടത്തുന്നത്. പക്ഷെ എല്ലാം അങ്ങനെ പാലിച്ചുവെന്ന് പറയുന്നില്ല. പ്രൊമോഷൻ നടത്തിയതിനെത്തുടർന്നുള്ള ചില ട്രാൻസ്ഫറുകളും വേണ്ടിവന്നു. കഴിഞ്ഞ സർക്കാർ ചെയ്ത തെറ്റ് ആവർത്തിക്കാൻ ഈ സർക്കാർ ആഗ്രഹിക്കുന്നില്ല. ഇവിടെ അടിയന്തിരപ്രമേയനോട്ടീസിൽ പറഞ്ഞ വിഷയം സർക്കാർ തുറന്ന മനസ്സോടെ പരിശോധിക്കുന്നതാണ്. സ്ഥലംമാറ്റത്തിൽ എന്തെങ്കിലും പിശകുകൾ വന്നിട്ടുണ്ടെങ്കിൽ അത് പുന:പരിശോധിക്കുന്നതാണ്. സ്ഥലംമാറ്റ

ത്തിനെതിരെ സമർപ്പിക്കപ്പെട്ട ഹർജികളിന്മേലുള്ള കോടതി വിധി കാത്തിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

ശ്രീ. പാലോട് രവി : കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിന് പ്രാരംഭ അനുമതി നൽകിയ സാഹചര്യത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ദശകത്തിൽ അന്താരാഷ്ട്ര തലത്തിൽ കണ്ടെയിനർ വഴിയുള്ള ചരക്ക് നീക്കത്തിന്റെ വളർച്ച പ്രതിവർഷം 14 ശതമാനമായിരുന്നു. ആഗോളതലത്തിലുണ്ടാകുന്ന വർദ്ധിച്ച വ്യാപാരം കണക്കിലെടുത്ത് 13000 ടി. ഇ.യു. അധികശേഷിയുള്ള കപ്പലുകളാണ് ഓരോ വർഷവും പുറത്തിറങ്ങുന്നത്. വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിൽ പരമാവധി ആഴം 14 മീറ്റർ ആയതിനാൽ 13000 ടി.ഇ.യു. ഉള്ള കപ്പലുകൾക്ക് അടുക്കാൻ കഴിയില്ല. ഇന്ത്യൻ മാരിടൈം അജണ്ട

പ്രകാരം 2020-ഓടുകൂടി ഒരേ സമയം 328 കോടി ടൺ ചരക്ക് കയറ്റിയിറക്കുന്നതിനുള്ള ശേഷി ഇന്ത്യയിലെ തുറമുഖങ്ങൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ തുറമുഖങ്ങൾക്കുവേണ്ടി 2020 വരെയുള്ള കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ മുടക്കാൻ ഉദ്ദേശിക്കുന്നത് 2,87,000 കോടി രൂപയും കപ്പൽ നിർമ്മാണ മേഖലയിൽ 1,65,000 കോടി രൂപയുമാണ്. 2015-ഓടുകൂടി വരാൻ പോകുന്ന 18,000 ടി.ഇ.യു. കപ്പലുകൾക്ക് മുംബൈ തുറമുഖത്തിന്റെ 350 നോട്ടിക്കൽ മൈൽ ദൂരം വരെ മാത്രമേ വരാൻ കഴിയൂ. എന്നാൽ ആ കപ്പലുകൾക്ക് അന്തരാഷ്ട്ര ജലപാതയിൽ നിന്നും വിഴിഞ്ഞം തുറമുഖത്ത് എത്താൻ 10 നോട്ടിക്കൽ മൈൽ ദൂരം മാത്രമേയുള്ളൂ. ഇത്തരം കപ്പലുകൾക്ക് അടുക്കാൻ ഇൻഡ്യയിൽ 23 മീറ്റർ ആഴമുള്ള വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ അല്ലാതെ മറ്റൊരു തുറമുഖവുമില്ല. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായാൽ കേരളത്തിനെന്നല്ല, ഇൻഡ്യൻ സമ്പദ്വ്യവസ്ഥയ്ക്ക് തന്നെ വൻ അഭിവൃദ്ധിയുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഈ സർക്കാർ വന്നതിനുശേഷമാണ് തുറമുഖത്തിന്റെ പാരിസ്ഥിതിക അനുമതിക്കുവേണ്ട സജീവമായ ഇടപെടൽ ഉണ്ടായത്. കഴക്കൂട്ടം-കന്യാകുമാരി ബൈപ്പാസ്, കാട്ടാക്കട-അംബാസമുദ്രം-തിരുനെൽവേലി റോഡ്, കോവളം-കാസർഗോഡ് ദേശീയ ജലപാത എന്നിവയും ഇതോടൊപ്പം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനത്തിനുവേണ്ടി ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. . പദ്ധതി പി.പി.പി. മോഡലിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടെർമിനൽ നിർമ്മാണവും

നടത്തിപ്പും ബി.ഒ.ടി. വ്യവസ്ഥയിൽ ലാൻഡ്‌ലോർഡ് മോഡലിൽ വികസിപ്പി ക്കുവാൻ ഉദ്ദേശിക്കുന്നു. മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ട ചെലവ് 4,040 കോടി രൂപയായി കണക്കാക്കുന്നു. ഈ പദ്ധതി യുടെ റോഡ്-റെയിൽ കണക്ടിവിറ്റി, കണ്ടെയിനർ ടെർമിനൽ, ബാക്ക് അപ്പ്, ട്രക്ക് ടെർമിനൽ, വെയർഹൗസ്, പുനരധിവാസം എന്നിവയ്ക്കായി ഏറ്റെടു ക്കാനുദ്ദേശിക്കുന്ന 120 ഹെക്ടർ ഭൂമിയിൽ 41 ഹെക്ടർ ഇതുവരെ ഏറ്റെടുത്തുകഴിഞ്ഞു. തുറമുഖത്തേക്കുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചു. തുറമുഖത്തേക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള ആദ്യഘട്ട ചെലവായ 41.3 കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകിയിട്ടുണ്ട്. സാമ്പത്തിക സമാഹരണ ത്തിനായി എസ്.ബി.ടി.-യുടെ നേതൃത്വത്തിൽ ഒരു കൺസോർഷ്യം രൂപീകരി ക്കുകയും കടപ്പത്രംവഴി തുക സമാഹരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എസ്.ബി.ഐ.-യിലൂടെ ആരംഭിക്കുകയും എൽ.ഐ.സി. മുഖേന സാമ്പത്തികസഹായം ലഭ്യമാക്കുന്നത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് പ്രോജക്ട് സ്പെസിഫിക് അംഗീകാരവും സൈറ്റ് സ്പെസിഫിക് അംഗീകാരവും ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം ഊർജ്ജി തപ്പെടുത്തുവാൻ ആവശ്യമായ ചർച്ച നടത്തിയിട്ടുണ്ട്. 2011-12 -ലെ പുതുക്കിയ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 150 കോടി രൂപ വകയിരുത്തിയി ട്ടുണ്ട്. 2011 ആഗസ്റ്റ് മാസത്തിൽ ടെന്റർ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ കൺസൾട്ടന്റായി Aecom Limited-നെ നിയോഗിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കു

ന്നതിന് ഷെഡ്യൂൾ തയ്യാറാക്കി ഒരു പ്രൊഫഷണൽ ടീമിനെ ഏൽപ്പിക്കുന്നതിനുദ്ദേശിക്കുന്നു. 2015-ൽ പദ്ധതി പ്രവർത്തനസജ്ജമാകുമെന്ന് കരുതുന്നു.

(2) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

ശ്രീ. എ. കെ. ശശീന്ദ്രൻ: കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ നാല് ജില്ലകളിലേയും എൺപത്തിയഞ്ച് നിയോജകമണ്ഡലങ്ങളിലേയും വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. മണ്ഡലപുനർനിർണ്ണയവും മറ്റ് പല കാരണങ്ങളുംകൊണ്ട് പദ്ധതിയുടെ തുടർനടത്തിപ്പ് തടസ്സപ്പെട്ടിരിക്കുകയാണ്. പദ്ധതിക്കായി പണമടച്ച ആളുകൾ ഈ സ്കീം ഇനി തുടരുമോ എന്നുള്ള ആശങ്കയിലാണ്. സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ മണ്ഡലങ്ങളിൽ വൈദ്യുതി ഉപഭോഗം കൂടിയതുകൊണ്ട് വോൾട്ടേജ് ക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യം സാധിക്കണമെങ്കിൽ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കണം. സമ്പൂർണ്ണ വൈദ്യുതീകരണം തുടരുന്നതിന് ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുകയുംപണമടച്ച് വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്നവർക്ക് ഒരു മാസത്തിനകം കണക്ഷൻ നൽകാൻ നിർദ്ദേശം കൊടുക്കുകയും ചെയ്യണം. കൂടുതൽ വൈദ്യുതി ഉല്പാദന പദ്ധതികൾ ആരംഭിച്ച് ഇൻഡ്യയ്ക്ക് മാതൃകയാവുംവിധം സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2008-09 സാമ്പത്തിക വർഷത്തിൽ തുടക്കം കുറിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ പരമാവധി മെറ്റീരിയൽസ്

ലഭ്യമാക്കി കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. 2011 മാർച്ച് 31-നുള്ളിൽ രജിസ്റ്റർ ചെയ്ത എല്ലാ സാധാരണ സർവ്വീസ് കണക്ഷനുകളും നൂറ് ദിന കർമ്മപരിപാടിയിലുൾപ്പെടുത്തി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റിന്റെ അൻപത് ശതമാനം (പരമാവധി ഒരു കോടി രൂപ വരെ) ബോർഡ് ഫണ്ടിൽ നിന്നും നൽകുന്നുണ്ട്. ഇതുവരെ 85 നിയോജകമണ്ഡലങ്ങളുടെയും പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളുടെയും വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്. ആർ.ജി.ജി.വി.വൈ. ഇടുക്കി ജില്ലയിൽ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വടക്കൻ കേരളത്തിലെ ആറ് ജില്ലകളിലായി 114.57 കോടി രൂപ ചെലവഴിച്ച് 38517 ബി.പി.എൽ. കണക്ഷനുകൾ കൊടുക്കുന്നതിന് ഈ വിഭാഗക്കാർ തുക അടച്ച് കണക്ഷൻ വാങ്ങുകയോ ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ടാർജറ്റ് അനുസരിച്ച് കണക്ഷൻ ലഭിക്കാൻ കാത്തിരിക്കുകയോ ചെയ്യേണ്ടതാണ്. ആർ.ജി.ജി.വി.വൈ. ഫണ്ടും ബോർഡിന്റെ തനത് ഫണ്ടും ഉപയോഗിച്ച് സമ്പൂർണ്ണ വൈദ്യൂതീകരണം എന്ന ലക്ഷ്യം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഫോറസ്റ്റ് ക്ലിയറൻസിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പുതിയ പദ്ധതികൾ ആരംഭിക്കണമെന്ന നിർദ്ദേശവും ബോർഡ് പരിഗണിക്കുന്നതാണ്.

**സബ്മിഷൻ**

**(1) <u>ചട്ടമ്പിസ്വാമികളുടെ ജന്മഗൃഹം ചരിത്രസ്മാരകമാക്കുന്നത് സംബന്ധിച്ച്</u>**

<u>ശ്രീ. എം.എ. വാഹീദ്</u>: വിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ കണ്ണമ്മൂലയിലുള്ള ജന്മഗൃഹവും സ്ഥലവും സർക്കാർ ഏറ്റെടുത്ത് ബഡ്ജറ്റിൽ പണം വകയിരുത്തി ചരിത്രസ്മാരകമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കണ്ണമ്മൂലയിൽ വിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ ജന്മഗൃഹം സ്ഥിതിചെയ്യുന്ന 17 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് മുൻ ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. അവിടെ സ്മാരകം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അടിയന്തിരമായി അനുവദിച്ച് ഈ വർഷം തന്നെ അത് സാക്ഷാത്ക്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) കല്ല്യാശ്ശേരി പട്ടുവത്തെ ആക്രമണവും കവർച്ചയും

ശ്രീ. റ്റി.വി. രാജേഷ്: ജൂലൈ 5, 6 തീയതികളിൽ കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പട്ടുവം, തളിപ്പറമ്പ് എന്നിവിടങ്ങളിൽ മുസ്ലീം ലീഗ് പ്രവർത്തകർ നിരവധി വീടുകളും സാംസ്ക്കാരിക സ്ഥാപനങ്ങളും കടകളും തകർക്കുകയും കവർച്ച നടത്തുകയുമുണ്ടായി. പ്രസ്തുത സ്ഥലത്ത് അക്രമത്തിന് സാദ്ധ്യതയുണ്ടെന്നും മതിയായ പോലീസിനെ വിന്യസിക്കണമെന്നും ബന്ധപ്പെട്ടവരോട് ആവശ്യപ്പെട്ടുവെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ല. അക്രമികൾക്ക് സർവ്വവിധ സംരക്ഷണവും പിന്തുണയും നൽകി കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. കൊള്ളയ്ക്കും അക്രമത്തിനും ഇരയായ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മതിയായ നഷ്ടപരിഹാരം അനുവദിക്കുകയും അക്രമികൾക്കെതിരെ കർശന നിലപാട് സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി പട്ടുവത്ത് ഡി.വൈ.എഫ്.ഐ. പ്രവർത്തകനെ ആക്രമിച്ചതിലുള്ള പ്രതിഷേധമായി ആ പ്രദേശത്ത് അതീവ ഗുരുതരമായ ക്രമസമാധാനപ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടുതൽ അക്രമങ്ങൾ തടയുന്നതിനായി തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ഒരു കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ച്

പോലീസ് പിക്കറ്റും മൊബൈൽ പട്രോളിംഗും ഏർപ്പെടുത്തിയി ട്ടുണ്ട്. അടിയന്തിര സാഹചര്യം നേരിടുന്നതിനായി സ്ട്രൈക്കിംഗ് ഫോഴ്സിനെ നിയോഗിക്കുകയും വാഹന പരിശോധനകൾ കർശനമാക്കുകയും ചെയ്യുന്നുണ്ട്. അവിടെ സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഇരു വിഭാഗങ്ങളുടേയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു. നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## (3) <u>വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ജോലി</u>

<u>ശ്രീ. അൻവർ സാദത്ത്</u>: കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് സ്ഥലമേറ്റെടുത്തപ്പോൾ വീടും സ്ഥലവും ജീവിതമാർഗ്ഗവും നഷ്ടപ്പെട്ടവർക്ക് ജോലിയും മതിയായ പുനരധിവാസവും ലഭ്യമാക്കുമെന്ന ഉറപ്പ് പൂർണ്ണമായും പാലിക്കപ്പെടണം. ടാക്സി പെർമിറ്റ് നൽകുവാനും എയർ ഇൻഡ്യയിൽ കഴിഞ്ഞ 10 വർഷക്കാലമായി ജോലി ചെയ്തുവരുന്ന വീട് നഷ്ടപ്പെട്ട തുച്ഛവരുമാനക്കാരായവർക്ക് ജോലിസ്ഥിരത ഉറപ്പുവരുത്താനും കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ നടന്ന അനധികൃത നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കാനും നടപടി സ്വീകരിക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): നെടുമ്പാശ്ശേരി വിമാനത്താവളത്തിന് സ്ഥലമേറ്റെടുത്തപ്പോൾ വീട് നഷ്ടപ്പെട്ടവരിൽ 61 പേർക്ക് കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിൽ ലോഡർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. മറ്റ് തസ്തികകളിലേക്ക് ടെസ്റ്റും ഇന്റർവ്യൂവും നടത്തുമ്പോൾ വീടും സ്ഥലവും നഷ്ടപ്പെട്ടവരിൽ യോഗ്യതയുള്ള അപേക്ഷകർക്ക് പ്രായപരിധി, മാർക്ക് എന്നിവയിൽ ഇളവ് നൽകി പരിഗണിക്കുന്നുണ്ട്. വീടും സ്ഥലവും നഷ്ടപ്പെട്ട 193 പേർക്ക് സിയാൽ കമ്പനിയിലും ജോലി നൽകിയിട്ടുണ്ട്. 356 പേർക്ക് പ്രീ-പെയ്ഡ്

ടാക്സി പാസ്സുകളും 5 പേർക്ക് എസ്.ടി.ഡി. ബൂത്തുകളും അനുവദിച്ചിട്ടുണ്ട്. കാർഗോ വിഭാഗത്തിൽ 207 പേർക്ക് ഔട്ട്സൈഡ് ലോഡറായി നിയമനം ലഭിച്ചിട്ടുണ്ട്. വിമാനത്താവളത്തിനുവേണ്ടി വീട് നഷ്ടപ്പെട്ടവർക്കെല്ലാം അടുത്ത മൂന്ന് വർഷത്തിനുള്ളിൽ എയർപോർട്ട് കമ്പനിയിലും അനുബന്ധ സ്ഥാപനങ്ങളിലും മറ്റ് ഏജൻസികളിലുമായി ജോലിയോ മറ്റാനുകൂല്യങ്ങളോ നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്. അവിടത്തെ അനധികൃത നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ സിയാൽ എം.ഡി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അർഹതപ്പെട്ട 100 പേർക്ക് ഇതിനകം ടാക്സി പെർമിറ്റ് കൊടുത്തു കഴിഞ്ഞു, ബാക്കിയുള്ളവർക്ക് ഉടനെതന്നെ നൽകുന്നതാണ്. ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് സിയാൽ എം.ഡി. എയർ ഇൻഡ്യയുമായി ചർച്ച നടത്തുന്നതാണ്. അർഹതപ്പെട്ടവർക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആ പ്രശ്നം പരിശോധിക്കുന്നതാണ്.

### (4) കാലവർഷക്കെടുതിക്ക് ഇരയായവർക്ക് നഷ്ടപരിഹാരവും റോഡ് പുനരുദ്ധാരണവും

ശ്രീ. രാജു എബ്രഹാം: സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും വീടുകൾ നഷ്ടപ്പെട്ടവർക്കും കൃഷി നാശം സംഭവിച്ചവർക്കും ധനസഹായം നൽകണം. ഇതുമൂലം തകർന്ന റോഡുകൾ നന്നാക്കാനും വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി യുണ്ടാകണം. ഇത്തരം പ്രശ്നങ്ങൾ നേരിടുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുവദിക്കുന്ന ഫണ്ട് വർദ്ധിപ്പിച്ച് വിതരണം ചെയ്യാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സി.ആർ. എഫ്. മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടുമാത്രമേ പ്രകൃതിക്ഷോഭം സംബന്ധിച്ച ദുരിതാശ്വാസ തുക വിതരണം ചെയ്യാൻ കഴിയൂകയുള്ളു. പൂർണ്ണമായി വീടുതകർന്നവരെ പുനരധിവസിപ്പിക്കാനും അർഹമായ കേസു കളിൽ അടിയന്തിര ധനസഹായം നൽകാനും തീരുമാനിച്ചിട്ടുണ്ട്.. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം റോഡ് പുനരുദ്ധാരണം തുടങ്ങിയ പദ്ധതികൾക്ക് നടപടി സ്വീകരിക്കും. പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ട വർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും ഒരു ലക്ഷം രൂപവരെ അനുവദിക്കുകയും ബന്ധപ്പെട്ട രേഖകൾ ലഭിക്കുന്നതിന് കാലതാമസം വരുന്ന കേസുകളിൽ അടിയന്തിരമായി ഒരു നിശ്ചിതതുക ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. ഗുരുതരമായി പരിക്കുപറ്റി ആശുപത്രിയിൽ കഴിയുന്നവർക്ക് അടിയന്തിര ധനസഹായം ലഭ്യമാക്കും. പ്രകൃതിക്ഷോഭ ദുരന്ത നിവാരണത്തിന് 44.55 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. പാമ്പു കടിമൂലവും ഇടിമിന്നലേറ്റും മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് നോംസിൽ മാറ്റം വരുത്തിക്കൊണ്ടുമാത്രമേ ഒരു ലക്ഷം രൂപയാക്കി കൊടുക്കാൻ കഴിയുകയുള്ളൂ.

## (5) റവന്യൂ ഡിവിഷണൽ ഓഫീസ്

ശ്രീ. സി.കെ. നാണു: വടകര കേന്ദ്രമാക്കി ഒരു റവന്യു ഡിവിഷണൽ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ജനസംഖ്യ, നിലവിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം, സാമ്പത്തിക ബാദ്ധ്യത എന്നിവ പരിശോധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടതിനു

ശേഷം മാത്രമേ റവന്യു ഡിവിഷണൽ ഓഫീസുകൾ രൂപീകരിക്കാൻ കഴിയുകയുള്ളൂ.

**(6) മഞ്ചേശ്വരം താലൂക്ക്**

ശ്രീ. പി. ബി. അബ്ദുൾ റസാക്: മഞ്ചേശ്വരം താലൂക്ക് രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മഞ്ചേശ്വരം താലൂക്ക് രൂപീകരണത്തെ സംബന്ധിച്ച് ജനസംഖ്യ, ഭൂ വിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ, സാമ്പത്തിക ബാധ്യത, മറ്റ് അനുബന്ധ പ്രശ്നങ്ങൾ എന്നിവ പരിശോധിച്ചതിനുശേഷം മാത്രമേ അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

**(7) കുടിവെള്ള വിതരണം**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗുരുവായൂരും ചാവക്കാട് പ്രദേശത്തുമുള്ള ജനങ്ങൾ നേരിടുന്ന കടുത്ത ശുദ്ധജലക്ഷാമത്തിന് അടിയന്തിര പരിഹാരം കാണണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ഗുരുവായൂർ, ചാവക്കാട് നഗരസഭകളിലേക്കും സമീപ പഞ്ചായത്തുകളിലേക്കും ശുദ്ധജലമെത്തിക്കുന്ന പാവറട്ടി റീജിയണൽ വാട്ടർ സപ്ലൈ സ്കീമിന്റെ കാലപ്പഴക്കമുള്ള മോട്ടോറുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 40 ലക്ഷം രൂപയുടെ ഫണ്ട് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശാശ്വത പരിഹാരമായി ഭാരതപ്പുഴയുടെ തീരത്ത് ഒരു കിണറും ശുദ്ധീകരണശാലയും പണിയുന്നതിന് 10 കോടി രൂപ ചെലവ് വരും. കൂടാതെ UIDSSMT-ൽപ്പെടുത്തി ഗുരുവായൂർ, ചാവക്കാട്

മുനിസിപ്പാലിറ്റികൾക്കുവേണ്ടി 5,045 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പുതിയ ജലവിതരണ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാവുകയും മറ്റ് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**(8) ഇടുക്കി പാക്കേജ്**

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി ജില്ലയുടെ കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഇടുക്കി പാക്കേജ് നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ന്യായവില ലഭ്യമാക്കി ചെറുകിട തേയില കർഷകരെ സംരക്ഷിക്കുകയും ഇടുക്കി ജില്ല കേന്ദ്രീകരിച്ച് ഒരു തേയില ഫാക്ടറി സ്ഥാപിക്കുകയും ചെയ്യണം. ഏലം കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിന് ഒരു വിലസ്ഥിരതാ ഫണ്ട് രൂപീകരിച്ച് ഇടുക്കി പാക്കേജിന്റെ ഭാഗമാക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഇടുക്കി പാക്കേജിന്റെ ഭാഗമായി 376 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് 214 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും 96.56 കോടി രൂപ റിലീസ് ചെയ്യുകയും 56 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഇടുക്കി പാക്കേജ് പൂർണ്ണമായും നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ചെറുകിട തേയില കർഷകർക്ക് അർഹമായ പരിഗണന ലഭ്യമാക്കുന്നതിന് ചെറുകിട ഫാക്ടറി സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഏലം കർഷകർക്ക് ഉത്പാദനത്തിനനുസരിച്ചുള്ള വില ലഭ്യമാകാത്ത സാഹചര്യത്തിൽ അവരുടെ ഉൽപ്പന്നങ്ങൾ മൂന്ന് മാസത്തേക്ക് സൗജന്യമായി

സംഭരിച്ചുവെയ്ക്കുന്നതിനായി വെയർഹൗസിംഗ് സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. ഇടുക്കി പാക്കേജിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചിട്ടുണ്ട്. അതിൽ വരുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് പദ്ധതി തയ്യാറാക്കുന്നതാണ്. ജില്ലയിലെ ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി ഇടുക്കി ജില്ലയെ ക്ഷീര ഉൽപ്പാദന പ്രദേശമായി മാറ്റാനും തീരുമാനിച്ചിട്ടുണ്ട്.

### (9) വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കൽ

ശ്രീ. ലൂഡി ലൂയിസ്: വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കുറഞ്ഞത് നാല് സീറ്റെങ്കിലും സംവരണവും മറ്റ് ഒ.ബി.സി. വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും സ്കോളർഷിപ്പും അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-നും ബി.ഡി.എസ്-നും ആംഗ്ലോ ഇൻഡ്യൻ സമുദായങ്ങൾക്ക്/ജൂത വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട സ്പെഷ്യൽ റിസർവേഷൻ സീറ്റിൽ ജൂത വിഭാഗത്തിൽ അപേക്ഷകരില്ലാത്തതിനാൽ ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിന് ലഭിക്കുന്നതാണ്. സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലും ആംഗ്ലോ ഇൻഡ്യൻ/ജൂത വിഭാഗങ്ങൾക്ക് ഓരോ സീറ്റുവീതം സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ജൂതവിഭാഗത്തിൽ അപേക്ഷകരില്ലെങ്കിൽ ആ സീറ്റ് ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിന് ലഭിക്കുന്നതാണ്. സംസ്ഥാനത്തെ ആംഗ്ലോ ഇന്ത്യൻ വിഭാഗങ്ങൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ

കുറഞ്ഞത് നാല് സീറ്റെങ്കിലും സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യവും മറ്റ് ഒ.ബി.സി. വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും സ്കോളർഷിപ്പും ആംഗ്ലോ ഇന്ത്യൻ വിഭാഗങ്ങൾക്കുകൂടി ഏർപ്പെടുത്തണമെന്ന ആവശ്യവും വിശദമായ പരിശോധനയ്ക്കും ചർച്ചകൾക്കും വിഷയീഭവിക്കേണ്ട കാര്യമായതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**(10) ഫിലിംസിറ്റി**

ശ്രീ. എം. ഹംസ: ഒറ്റപ്പാലത്ത് ഫിലിംസിറ്റി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കെ.എസ്.എഫ്.ഡി.സി.യുടെ തൊഴിലാളികളുമായും സംഘടനാ നേതാക്കളുമായും നടത്തിയ ചർച്ചയിൽ പി.പി.പി./ബി.ഒ.ടി. വ്യവസ്ഥയിൽ തിരുവനന്തപുരത്ത് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ഒരു ഫിലിം സിറ്റിയും അമ്യൂസ്മെന്റ് പാർക്കും മുഴുവൻ തിയേറ്ററുകളുടെ നവീകരണവും നടപ്പാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. തൊഴിലാളി കളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എം. എൽ.എ.മാർ നിർദ്ദേ ശിക്കുന്ന മുനിസിപ്പാലിറ്റികളിൽ ഇരുപത്തിയഞ്ചോ മുപ്പതോ വർഷത്തേക്ക് ലീസിന് തരുന്ന സ്ഥലങ്ങളിൽ എയർകണ്ടീഷൻ ചെയ്ത ആധുനിക സൗകര്യങ്ങളുള്ള രണ്ടോ മൂന്നോ തിയേറ്ററുകൾ ആരംഭിക്കാനും ഉദ്ദേശ്യ മുണ്ട്. തൊഴിലാളികൾ മാനേജുമെന്റുമായി എഗ്രിമെന്റ് വയ്ക്കുന്ന സാഹചര്യത്തിൽ ആറുമാസത്തിനുള്ളിൽ ഒരു പാക്കേജുണ്ടാക്കി കെ.എസ്.എഫ്.ഡി.സി. നവീകരിക്കുന്നതിന്റെ ഭാഗമായി ഒറ്റപ്പാലത്ത് ഫിലിം സിറ്റി ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**വ്യക്തിപരമായ വിശദീകരണം**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): 12-06-2011-ന് ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. നിയമസഭയിൽ എനിക്കെതിരായി ഒരു ആരോപണം ഉന്നയിക്കുകയുണ്ടായി. കേന്ദ്രഗവൺമെന്റ് തീരുമാന പ്രകാരം ഐ.സി.ടി.എ. (ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാഡമി) രൂപീകരിക്കാൻ തീരുമാനിച്ചു. ഈ പദ്ധതിക്ക് 6 കോടി രൂപ കേന്ദ്ര ഗവൺമെന്റ് നൽകുമെന്നും കേരള ഗവൺമെന്റും സ്വകാര്യ പങ്കാളിയും ചേർന്ന് ബാക്കി തുക കണ്ടെത്തണമെന്നുമാണ് നിബന്ധന. എല്ലാ യോഗ്യതകളുമുള്ള ഐ.എച്ച്.ആർ.ഡി. ഈ സംരംഭ ത്തിൽ പങ്കാളിയാകാമെന്ന് സർക്കാരിനെ അറിയിച്ചതിനെത്തുടർന്ന് സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം സർക്കാർ പ്രതിനിധികളും ഐ.എച്ച്.ആർ.ഡി. ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സൊസൈറ്റി രൂപീകരി ച്ചതല്ലാതെ അതിന്റെ ആദ്യ ഗവേണിംഗ് ബോഡി ഇതുവരെ കൂടിയിട്ടില്ല. യോഗത്തിനുള്ള തീയതി അടുത്ത സർക്കാർ നിശ്ചയിക്കട്ടെ എന്നാണ് ഉത്തരവ് നൽകിയത്. പ്രസ്തുത യോഗത്തിലാണ് ഈ സ്ഥാപനത്തിന്റെ ഡയറക്ടർ ആരായിരിക്കണമെന്ന് തീരുമാനിക്കേണ്ടത്. ഇത്തരത്തിൽ തീരുമാനമെടുക്കാത്ത ഒരു കാര്യത്തെ കുറിച്ചാണ് ശ്രീ. പി. സി. വിഷ്ണു നാഥ് എനിക്കെതിരെ ആരോപണം ഉന്നയിച്ചിരിക്കുന്നത്. ഈ ആരോപണ ത്തിൽ അദ്ദേഹം ഉറച്ചുനിൽക്കുന്നുവെങ്കിൽ ഒരു നിയമസഭാ കമ്മിറ്റിയെ വച്ച് ഇതേപ്പറ്റി അന്വേഷണം നടത്തണം. ഇല്ലെങ്കിൽ ഈ ആരോപണം പിൻവലിച്ച് ഈ സഭയോട് മാപ്പ് പറയണം.

**ധനകാര്യം**

## 2011–2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. വർക്കല കഹാർ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളും കുളങ്ങളും പരിഷ്ക്കരിക്കാൻ നടപടി, കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകന് 5 ശതമാനം പലിശ ഇളവ്, മാലിന്യമുക്ത കേരളം തുടങ്ങി നിരവധി പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രായോഗിക സമീപനങ്ങളും നടപടികളുമുള്ള ഈ ബഡ്ജറ്റ് വളരെ പ്രതീക്ഷയുണർത്തുന്നതാണ്. എല്ലാ അനുകൂല സാഹചര്യങ്ങളുമുണ്ടായിട്ടും കേരളത്തിന്റെ സമ്പദ്ഘടന മെച്ചപ്പെടുത്താൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ല. കേന്ദ്ര ഗവൺമെന്റ് വാറ്റ് നിയമം കൊണ്ടുവന്നതോടുകൂടി കേരളത്തിലെ നികുതി വരുമാനം 10,000 കോടി രൂപയായി വർദ്ധിച്ചുവെങ്കിലും 6,000 കോടി രൂപയുടെ കമ്മി ബഡ്ജറ്റാണ് കഴിഞ്ഞ സർക്കാർ അവതരിപ്പിച്ചത്. 'വികസനവും കരുതലും', 'അതിവേഗം ബഹുദൂരം' എന്നീ ആപ്തവാക്യങ്ങളുമായി കർമ്മനിരതയോടെ ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. കാർഷിക രംഗം പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതികൾ കർഷകരുടെ ദീർഘനാളുകളായുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പര്യാപ്തമാണ്. വിവിധ തീരദേശ പദ്ധതികൾക്കായി 153.65 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചതായുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. 'കേരള സംസ്ഥാന സ്വയംസംരംഭക മിഷൻ' എന്ന

ആശയം അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. രാജീവ് ആരോഗ്യശ്രീ സമഗ്ര ഇൻഷ്വറൻസ് പദ്ധതി, ക്യാൻസർ, കിഡ്നി, ഹൃദയ ചികിത്സയ്ക്കുള്ള ധനസമാഹരണത്തിനായി സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പുകൾ നടത്തുമെന്നുമുള്ള പ്രഖ്യാപനം എന്നിവ പ്രകീർത്തിക്കപ്പെടേണ്ടതാണ്. മലയാളം ഒന്നാം ഭാഷയാക്കി പ്രഖ്യാപിച്ച നടപടിയും തിരൂരിൽ മലയാള സർവ്വകലാശാല സ്ഥാപിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. പൊതുമേഖലയിൽ നാല് മെഡിക്കൽ കോളേജുകൾ, കുറഞ്ഞ പലിശനിരക്കിൽ വിദ്യാഭ്യാസ വായ്പാ പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ എൻട്രൻസ് കോച്ചിംഗ്, ഫോറിൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട്, മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പദ്ധതി, സാങ്കേതിക വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ടെക്നിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ നിർദ്ദേശങ്ങൾ ശ്രദ്ധേയമാണ്. സ്വാശ്രയ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി പ്രഖ്യാപിച്ച നൂറ് ദിന കർമ്മ പരിപാടി ജനങ്ങൾ മുഴുവൻ ആവേശത്തോടെയാണ് വീക്ഷിക്കുന്നത്. ഇച്ഛാശക്തിയും ആത്മാർത്ഥതയുമുള്ള ഒരു ഗവൺമെന്റാണ് ഇവിടെ ഭരണം നടത്തുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കേവലം പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുകയാണ് ചെയ്തത്. സ്ത്രീപീഡന കേസുകളിലെ പ്രതികളെ കയ്യാമം വയ്ക്കുമെന്ന മുൻ മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പാലിക്കപ്പെട്ടിട്ടില്ല. മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ഈ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വർക്കലയുടെ വികസനത്തിന് ബഡ്ജറ്റിൽ വേണ്ടത്ര പരിഗണന നൽകിയത് അഭിനന്ദനാർഹമാണ്.

ശ്രീ.എ.എം. ആരിഫ്: ബഡ്ജറ്റിനെ എതിർക്കുന്നു. അപ്രായോഗികവും രാഷ്ട്രീയ പ്രേരിതവും യുക്തിബോധമില്ലാത്തതുമായ ഒരു ബഡ്ജറ്റാണിത്. ട്രഷറി അടച്ചുപൂട്ടൽ ഉൾപ്പെടെ യു.ഡി.എഫ് സർക്കാരിന്റെ 2006 വരെയുള്ള ധനസ്ഥിതികൂടി പരിഗണിച്ചുവേണം ധവളപത്രം ഇറക്കേണ്ടത്. ഈ ബഡ്ജറ്റിൽ റോഡുകളുടേയും പാലങ്ങളുടേയും നവീകരണത്തിനും നിർമ്മാണത്തിനും വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. കുമാരകോടി പാലത്തെ സംബന്ധിച്ച് ബഡ്ജറ്റിൽ പരാമർശിക്കാത്തത് ഖേദകരമാണ്. എൽ.ഡി.എഫ് സർക്കാർ ഭരണ-പ്രതിപക്ഷ ഭേദമെന്യെ റോഡ് വികസന ഫണ്ട് ഓരോ മണ്ഡലത്തിനും അനുവദിച്ച് നാടിന്റെ വികസനത്തെ പരിപോഷിപ്പിക്കാനാണ് ശ്രമിച്ചത്. പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. അരൂർ, അമ്പലപ്പുഴ മണ്ഡലങ്ങളിൽ പൊതു മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. നൂറ് ദിന കർമ്മ പരിപാടിയാണ് യാഥാർത്ഥ്യബോധമില്ലാത്ത ഈ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആരോഗ്യം, കൃഷി, അടിസ്ഥാന വികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ ഭരണ കാലത്ത് കടബാദ്ധ്യതയും ആഭ്യന്തര കടവും ധനക്കമ്മിയും റവന്യൂക്കമ്മിയും വർദ്ധിച്ചു. റോഡ് വികസനം, രണ്ട് രൂപയ്ക്ക് അരി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, ഹരിത ഫണ്ട്, അതിവേഗ റെയിൽവേ കോറിഡോർ, ദേശീയ ജലപാത വികസനം തുടങ്ങി എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച

പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. സാധാരണക്കാരനെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുന്ന ഒരു ബഡ്ജറ്റാണിത്. കരുതലും വികസനവും എന്ന കാഴ്ച്ചപ്പാടോടുകൂടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. വരുന്ന ഓണക്കാലം മുതൽ ഒരു രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് 24 മണിക്കൂറും പ്രവർത്തനനിരതമാക്കിയതും അഴിമതിക്കാരെക്കുറിച്ച് വിവരം നൽകുന്നവരുടെ പേര് വെളിപ്പെടുത്തുകയില്ലെന്ന പ്രഖ്യാപനവും ഭരണ സുതാര്യതയുടെ പ്രതീകമാണ്. കുടുംബ സംബന്ധമായ പ്രമാണ രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപ നൽകിയാൽ മതിയെന്ന പ്രഖ്യാപനം പ്രശംസനീയമാണ്. സാഫല്യം പദ്ധതിക്കു വേണ്ടി പത്ത് കോടി രൂപ നീക്കിവച്ചതും എല്ലാ ജില്ലകളിലും ഡയാലിസിസ് സെന്റർ ആരംഭിക്കാനും 300 രൂപയ്ക്ക് ഡയാലിസിസ് കിറ്റ് നൽകാനും തീരുമാനിച്ചത് സ്വാഗതാർഹമാണ്. നഷ്ടത്തിലായിരുന്ന കൃഷിക്കാർക്ക് ഇഷ്ടമുള്ള വിളകൾ കൃഷി ചെയ്യാനുള്ള സൗകര്യം ചെയ്തുകൊടുത്തതും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനഭൂമിയായി പ്രഖ്യാപിച്ച ചെറുകിട കർഷകരുടെ ഭൂമിയിൽ ഏതെങ്കിലും കൃഷിയോ വാസഗൃഹമോ ഉണ്ടെങ്കിൽ വനം പരിസ്ഥിതി നിയമത്തിൽ നിന്ന് ഒഴിവാക്കുമെന്ന് തീരുമാനിച്ചതും കർഷകർക്ക് കിസാൻ പാസ് ബുക്ക് മുഖേന വായ്പ നൽകുമെന്ന് പ്രഖ്യാപിച്ചതും ആശ്വാസകരമാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ വിപ്ലവകരമായ പ്രഖ്യാപനങ്ങളാണ് ഉണ്ടായിട്ടുള്ളത്. തിരൂരിൽ മലയാള സർവ്വകലാശാല ആരംഭിക്കാൻ തീരുമാനിച്ചത് ശ്ലാഘനീയമാണ്. സാധാരണക്കാർക്ക് രണ്ട് ലക്ഷം രൂപ വരെയുള്ള ചികിത്സ സൗജന്യമാക്കുന്നതും പുതുതായി നാല് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതും വയനാട്ടിലെ

ജനങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റെ നിലവാരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചതും എടുത്തുപറയേണ്ട കാര്യങ്ങളാണ്. സമസ്ത മേഖലകളിലും വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ ഈ ബഡ്ജറ്റിന് കഴിയും.

ശ്രീമതി ഇ.എസ്. ബിജിമോൾ: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാന ബഡ്ജറ്റിൽ സ്ത്രീകളോട് കടുത്ത വിവേചനമാണ് കാണിച്ചിരിക്കുന്നത്. മുൻ ഗവൺമെന്റ് ഐ.സി.ഡി.എസ്. വർക്കർമാർക്കും ടീച്ചർമാർക്കും വർദ്ധിപ്പിച്ച 450 രൂപയും ആശാ വർക്കർമാർക്ക് അനുവദിച്ച 300 രൂപയും കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ജനിക്കുന്ന കുഞ്ഞുങ്ങൾക്കേർപ്പെടുത്തിയിരുന്ന പതിനായിരം രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതിയെക്കുറിച്ചും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന സ്ത്രീകളെ സംബന്ധിച്ചും ബഡ്ജറ്റിൽ പരാമർശിക്കാത്തത് നിർഭാഗ്യകരമാണ്. കുടുംബശ്രീ പദ്ധതിയെ അതിന്റെ തനത് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനനുവദിക്കണം. നാണ്യവിളകൾക്ക് താങ്ങുവില ഏർപ്പെടുത്തണം. ഇടുക്കി പാക്കേജിനാവശ്യമായ തുക വകയിരുത്തുന്നതോടൊപ്പം അവിടെ ഒരു വിമാനത്താവളം സ്ഥാപിക്കുന്നതിനാവശ്യമായ തുകയും വകയിരുത്തണം. ക്ഷീര കർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിനുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണം. തൊഴിൽ നൽകുന്ന കാര്യത്തിലും നിലവിലുള്ള തൊഴിൽ സംരക്ഷിക്കുന്ന കാര്യത്തിലും ആത്മാർത്ഥതയില്ലാത്ത സമീപനമാണ് ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കിന്നതിനുവേണ്ടി വകയിരുത്തിയിരി

ക്കുന്ന തുക വർദ്ധിപ്പിക്കണം. കേരളത്തിന്റെ സമഗ്രമായ വളർച്ചയാ യിരിക്കണം ഗവൺമെന്റിന്റെ ലക്ഷ്യം.

ഡോ. എൻ. ജയരാജ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമഗ്ര നയരൂപീകരണവും സമർത്ഥമായ ധനകാര്യ മാനേജ്മെന്റും സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. കൃഷിക്കും അനുബന്ധ മേഖലയ്ക്കും ബഡ്ജറ്റിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. കർഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന 20 പരിപാടികളാണ് കാർഷിക മേഖലയിൽ ആവിഷ്ക്കരിച്ചി രിക്കുന്നത്. ഒരു കർഷകനെങ്കിലും ചിങ്ങമാസം ഒന്നാം തീയതി തന്നെ വർദ്ധിപ്പിച്ച പെൻഷൻ ലഭ്യമാക്കണം. കാർഷിക, ഐ.ടി., ടൂറിസം മേഖലകളെ പുനരുദ്ധരിക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. അടിസ്ഥാന വികസനത്തിനുവേണ്ടിയുള്ള ഒട്ടേറെ പദ്ധതികൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. ആരോഗ്യ പരിപാലന രംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നത് ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. ആരോഗ്യമേഖല യിൽ കാര്യമായ പുരോഗതി കൈവരിക്കാൻ എൽ.ഡി.എഫ് സർക്കാരിന് കഴിഞ്ഞിട്ടില്ല. സമഗ്ര ഇൻഷ്വറൻസ് പദ്ധതി, എല്ലാ ബ്ലോക്കുകളിലും സ്പെഷ്യാലിറ്റി സംവിധാനം, ക്യാൻസർ, പ്രമേഹം എന്നിവയ്ക്ക് ചികിത്സാ സഹായം, ഡയാലിസിസ് സെന്ററുകൾ എന്നിവ ആരോഗ്യ രംഗത്ത് നടപ്പിലാക്കുമെന്നത് സ്വാഗതാർഹമാണ്. ഗവൺമെന്റ്/എയിഡഡ്/ മേഖലകളിലെ അന്ധവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ പഠനം സുഗമമാക്കുന്നതിന് ബ്രയിലി പ്രിന്റർ നൽകാനുള്ള നിർദ്ദേശം അഭിനന്ദനാർഹമാണ്. ശബരിമലയുടെ വികസനത്തിനാവശ്യമായ പദ്ധതികളും കാവുകളും ആൽത്തറകളും

സംരക്ഷിക്കുന്നതിനുള്ള നടപടികളും എടുത്തുപറയേണ്ടതാണ്. സാമൂഹ്യ നീതി ഉറപ്പുവരുത്താൻ പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാൻ സർക്കാർ തയ്യാറാകണം.

ശ്രീ. സി.കെ. സദാശിവൻ: ബഡ്ജറ്റിനെ എതിർക്കുന്നു. സാമൂഹ്യ-സാമ്പത്തിക യാഥാർത്ഥ്യ ബോധം ഉൾക്കൊള്ളാനും സാമൂഹ്യനീതിയും സമഗ്ര വികസനവും ഉറപ്പാക്കാനും ഈ ബഡ്ജറ്റിന് കഴിഞ്ഞിട്ടില്ല. ആലപ്പുഴ ജില്ലയുടെ വികസനത്തിനാവശ്യമായ ഒരു നിർദ്ദേശവും ബഡ്ജറ്റിലില്ല. സഹകരണമേഖലയിൽ ഒരു ആശുപത്രി സ്ഥാപിക്കുന്നതിനു വേണ്ടി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പദ്ധതി പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ലാഘവബുദ്ധിയോടുകൂടി അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറ്റ് ഭരണപക്ഷത്തുള്ളവർക്കുപോലും സ്വീകാര്യമല്ല. ജനിക്കുന്ന കുഞ്ഞിന്റെ പേരിലുള്ള 10,000 രൂപയുടെ സ്ഥിരനിക്ഷേപ പദ്ധതി, ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി, എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ കിലോഗ്രാമിന് രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതി തുടങ്ങി കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളെക്കുറിച്ച് ഈ ബഡ്ജറ്റിൽ പരാമർശമില്ല. മുൻ യു.ഡി.എഫ്. സർക്കാർ അടച്ചുപൂട്ടാൻ തീരുമാനിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പലതും ലാഭത്തിലാക്കാനും 8 പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയതായി ആരംഭിക്കാനും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. നീരേറ്റുപുറം ജലോത്സവത്തിനുവേണ്ടി 5 ലക്ഷം രൂപ മാറ്റിവച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കണം.

ശ്രീമതി ജമീലാ പ്രകാശം: ബഡ്ജറ്റിനെ എതിർക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഒരു ദിവസം പോലും

ട്രഷറി പൂട്ടേണ്ടി വന്നിട്ടില്ല. തിരുവനന്തപുരം ജില്ലയുടെ വികസനത്തിന് പദ്ധതികളൊന്നുമില്ലാത്ത ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. ഗതാഗതക്കുരുക്ക് നിയന്ത്രിക്കാൻ വ്യക്തമായ പരിഹാരമാർഗ്ഗം നിർദ്ദേശിക്കണം. കരമന-കളിയിക്കാവിള ബൈപ്പാസ് റോഡിനുവേണ്ട തുക വകയിരുത്തണം. ഫിഷറീസ് മേഖലയെ അവഗണിച്ചിരിക്കുകയാണ്. കോവളം നിയോജകമണ്ഡലത്തിലെ കരിങ്കുളം പഞ്ചായത്തിൽ പകർച്ചവ്യാധി തടയുന്നതിനും ശുദ്ധജല-വൈദ്യുതി ദൗർലഭ്യം എന്നിവ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും കുറവ് നികത്തി പൂട്ടിക്കിടക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തുറന്ന് പ്രവർത്തിപ്പിക്കണം. വിഴിഞ്ഞം പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാനതലത്തിൽ പ്രത്യേകം രൂപീകരിക്കുന്ന സമിതിയുടെ മുമ്പാകെ മൂന്ന് മാസത്തിലൊരിക്കൽ സമർപ്പിക്കാൻ നടപടി സ്വീകരിക്കണം. മൽസ്യത്തൊഴിലാളികളെയും നിലവിലുള്ള ആവാസ വ്യവസ്ഥയെയും സംരക്ഷിക്കുന്ന പദ്ധതികൾ കൂടി പ്രോജക്റ്റിലുൾപ്പെടുത്തി തുറമുഖ നിർമ്മാണം പൂർത്തിയാക്കണം. ക്ഷേമ പെൻഷനുകൾ പ്രതിമാസം 1,000 രൂപയായി വർദ്ധിപ്പിക്കണം. മുസ്ലീം ജനതയുടെ പിന്നോക്കാവസ്ഥ പരിഹരിക്കണം. പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് രൂപീകരിക്കണം. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ കണ്ടെത്തിയ അമൂല്യ സമ്പത്തിനെ സംബന്ധിച്ച് സുപ്രീംകോടതിക്ക് ആധികാരികമായ തീരുമാനമെടുക്കാൻ സഹായകരമായ നിലപാട് സർക്കാർ സ്വീകരിക്കണം.

ശ്രീ. വി. ശിവൻകുട്ടി: ബഡ്ജറ്റിനെ എതിർക്കുന്നു. യു.ഡി.എഫ്. അധികാരത്തിൽ വന്ന് രണ്ട് മാസത്തിനുള്ളിൽ ക്രമസമാധാന നില താറുമാറാവുകയും രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിക്കുകയും ചെയ്തു. പെൺവാണിഭ സംഘങ്ങളും വിവിധതരം തട്ടിപ്പ് മാഫിയകളും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകൾ ആക്രമിച്ച് പ്രതികളെ ഇറക്കിക്കൊണ്ടുപോകുന്നത് നിത്യസംഭവമായി മാറിയിരിക്കുന്നു. പുറത്തുനിർത്തിയിരുന്ന അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥരെ തിരിച്ചെടുക്കാനുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. തലസ്ഥാന നഗര വികസനത്തിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തിയ സ്ഥാനത്ത് ഇപ്പോൾ മുപ്പത് കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജ്, തൈക്കാട്-സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, പൂജപ്പുര-പഞ്ചകർമ്മ ആശുപത്രി, ആറ്റുകാൽ വികസന പദ്ധതി, കഴിഞ്ഞ ഗവൺമെന്റ് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്ത കരമന-കളിയിക്കാവിള റോഡ് എന്നിവയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതികൾ പുതിയ ബഡ്ജറ്റിൽ ഒഴിവാക്കിയത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

ശ്രീ. വി.പി. സജീന്ദ്രൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തെ വികസന പാതയിലേക്ക് നയിക്കുന്ന ബഡ്ജറ്റാണിത്. ജനങ്ങളുടെമേൽ അമിതഭാരം ഏൽപ്പിക്കാതെ നികുതിപിരിവ് ഊർജ്ജിതപ്പെടുത്തി ധനസ്ഥിതി മെച്ചപ്പെടുത്താനും സംസ്ഥാനത്തിന്റെ കടത്തിന്റെ തോതും റവന്യൂക്കമ്മിയും ധനക്കമ്മിയും കുറയ്ക്കാൻ സഹായിക്കുന്നതുമാണ് ഈ ബഡ്ജറ്റ്. റവന്യൂക്കമ്മി 1.18 ശതമാനമായി കുറയ്ക്കാനുള്ള ശ്രമമാണ്

നടത്തിയിരിക്കുന്നത്. കാർഷിക മേഖലയെ പുരോഗതിയിലേക്ക് നയിക്കുന്ന ബഡ്ജറ്റാണിത്. കൃഷിഭവനും ഭൂവുടമയും ചേർന്നുള്ള കരാർ കൃഷി, കാലിത്തീറ്റയ്ക്ക് സബ്സിഡി, മലയാളം സർവ്വകലാശാല, പുതിയ നാല് മെഡിക്കൽ കോളേജുകൾ മുതലായ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ ശ്ലാഘനീയമാണ്. ഇടുക്കി ജില്ലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മെഡിക്കൽ കോളേജ് അന്തരിച്ച മുൻരാഷ്ട്രപതി കെ.ആർ. നാരായണന്റെ നാമധേയത്തിലായിരിക്കണം. മോണിറ്ററിംഗ് ഹെൽപ്പ്ലൈൻ സ്ഥാപിച്ച് കേരളത്തിലെ ആശുപത്രികൾക്ക് എല്ലാവിധ സഹായങ്ങളും സംവിധാനങ്ങളും ചെയ്തു കൊണ്ടിരിക്കുന്ന ആരോഗ്യ വകുപ്പിന്റെ നടപടി എടുത്തുപറയേണ്ടതാണ്. പട്ടികവിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ അർഹതപ്പെട്ടവർക്ക് പ്രയോജനപ്രദമാക്കാൻ നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള ഗവൺമെന്റ് ഫണ്ട് ചെലവഴിക്കാനുള്ള നടപടി സ്വീകരിക്കണം. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ട് അനുവദിക്കണം. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്താനും പ്രൊഫഷണൽ കോഴ്സുകൾക്ക് കോച്ചിംഗ് നൽകാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. പട്ടികജാതിയിൽപ്പെട്ട വേടൻ, നായാടി, കല്ലാടി, ചക്കീലൻ എന്നീ സമുദായങ്ങൾക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കണം. അയ്യങ്കാളി മെമ്മോറിയൽ സ്പോർട്ട്സ് സ്കൂളിലെ കുട്ടികളുടെ മെസ് ഫീ 100 രൂപയായി ഉയർത്താനും പോസ്റ്റ് മെട്രിക് - പ്രീ മെട്രിക് ഹോസ്റ്റലുകളിലെ മെസ് ഫീ ഉയർത്താനും നടപടി സ്വീകരിക്കണം. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം, ശബരിമല മാസ്റ്റർ പ്ലാൻ, എരുമേലി ടൗൺഷിപ്പ്, സീറോ വേസ്റ്റ് ശബരിമല

പദ്ധതി, എറണാകുളം - ശബരിമല സ്റ്റേറ്റ് ഹൈവേ എന്നിവയ്ക്കാവശ്യമായ തുക വകയിരുത്തിയിരിക്കുന്നത് അഭിനന്ദനാർഹമാണ്. വ്യവസായ രംഗം കാര്യക്ഷമമാക്കാൻ ഈ ബഡ്ജറ്റിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ വ്യവസായ നയം തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ആശ്വാസം നൽകുന്നതാണ്. വിഴിഞ്ഞം പോർട്ടിന് അടിസ്ഥാന സൗകര്യമൊരുക്കാൻ 150 കോടി രൂപ മാറ്റിവച്ചിരിക്കുന്നതും അഭിനന്ദനാർഹമാണ്. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷം മൂന്നാറിൽ അനധികൃതമായി കൈയേറിയ 603 ഏക്കറോളം ഭൂമി തിരിച്ചുപിടിച്ചു. അന്തരിച്ച മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ സ്മരണാർത്ഥം ഉഴവൂരിൽ ആശുപത്രി നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചതിനെ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണ നിലനിറുത്താനായി കോട്ടയം ജില്ലയിലെ കാഞ്ഞിരമറ്റത്ത് രാജ്യാന്തര നിലവാരമുള്ള ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനാവശ്യമായ തുക അനുവദിക്കണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ച നടപടി ആദിവാസികളുടേയും തോട്ടം തൊഴിലാളികളുടെയും നിത്യജീവിതത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് 2011 ഏപ്രിൽ 1 മുതൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റെയും പേരിൽ 10,000 രൂപയുടെ സ്ഥിരനിക്ഷേപം നടത്തുമെന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപനം പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നടപടിയുണ്ടാകണം. പുതിയ നാല് മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ദേവികുളം നിയോജക മണ്ഡലത്തിൽ ക്യാൻസർ കെയർ യൂണിറ്റ് ആരംഭിക്കാൻ നടപടി

യുണ്ടാകണം. ഭരണകക്ഷി അംഗങ്ങളിൽപ്പോലും അതൃപ്തി ഉളവാക്കി യിട്ടുള്ള ബഡ്ജറ്റാണിത്. ഇടമലക്കുടി പഞ്ചായത്തിന് സ്കൂൾ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന മാങ്കുളം-ആനക്കുളം റോഡ്, മൂന്നാറിൽ ഫിലിം സിറ്റി, റെയിൽവേ തുടങ്ങിയവ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. സർക്കാർ ഭൂമി ഒഴിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. ആദിവാസികളായ തോട്ടം തൊഴിലാളി കളുടെ ഭൂമി സംരക്ഷിക്കപ്പെടുന്നതോടൊപ്പം അവർക്ക് ശമ്പളവും മറ്റാനു കൂല്യങ്ങളും നൽകണം. സ്കൂളുകളിൽ കന്നട, തമിഴ് അദ്ധ്യാപകരെ നിയമിക്കണം. പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കണം. ഇടുക്കിയിൽ പട്ടയം ലഭിച്ചവരിൽ നിന്ന് 15 വർഷക്കാല മായി നികുതി പിരിക്കാത്തതിനെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കണം.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. മലബാർ പാക്കേജ് പോലുള്ള അടിസ്ഥാന മേഖലയിലെ വികസന പദ്ധതികളെ അവഗണിച്ച ബഡ്ജറ്റാണിത്. മാത്രമല്ല ഭരണപക്ഷ എം.എൽ.എ.മാരും ബഡ്ജറ്റിനെ പരസ്യമായി വിമർശിച്ചിട്ടുണ്ട്. സമഗ്ര മേഖലകളുടെയും ഉന്നമനത്തിനായി പദ്ധതികൾ നിർദ്ദേശിച്ച മുൻ സർക്കാരിന്റെ കാഴ്ചപ്പാട് ഈ ബഡ്ജറ്റിലില്ലാ ത്തതിനെക്കുറിച്ച് പരിശോധിക്കണം. മത്സ്യ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ബഡ്ജറ്റിൽ നിർദ്ദേശങ്ങളില്ല. കോഴിക്കോട് വിമാനത്താവളത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. കോരപ്പുഴയ്ക്കു കുറുകെ പുതിയ പാലം നിർമ്മിക്കു ന്നതിന് ഈ ബഡ്ജറ്റിൽ നിർദ്ദേശമില്ല. കഴിഞ്ഞ ബഡ്ജറ്റിൽ തുക

അനുവദിച്ച പല പദ്ധതികളും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ചർച്ചയിൽ അംഗങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾകൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. ജെയിംസ് മാത്യു: ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ് ഭരണ കാലത്ത് ട്രഷറി ഓവർഡ്രാഫ്റ്റ് ഉണ്ടായില്ലെന്നുമാത്രമല്ല കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന 26 മാസത്തെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുകയും ചെയ്തു. കർഷകത്തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കുകയും ശമ്പള പരിഷ്ക്കരണ കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുകയും പരമ്പരാഗത വ്യവസായമേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി തുക നീക്കിവയ്ക്കുകയും റവന്യൂ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്തു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വികസന മാന്ദ്യം ഉണ്ടായിട്ടില്ല. വർദ്ധിച്ചുവരുന്ന ഗതാഗതത്തിരക്ക് പരിഗണിച്ചുകൊണ്ടുള്ള സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിയെക്കുറിച്ചും അതിനുവേണ്ടിവരുന്ന നാൽപ്പതിനായിരം കോടി രൂപ കണ്ടെത്തുന്നതിനെക്കുറിച്ചും കഴിഞ്ഞ ബഡ്ജറ്റിൽ വ്യക്തമായി പ്രതിപാദിച്ചിരുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): ബഡ്ജറ്റിനെ എതിർക്കുന്നു. ഭരണ കക്ഷി അംഗങ്ങൾപോലും എതിർക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കൃഷിക്കാർക്ക് 300 രൂപ പെൻഷൻ കൊടുക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുന്ന രീതി വ്യക്തമാക്കിയിട്ടില്ല. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തരണം. കാസർഗോഡ് ജില്ലയിൽ അടയ്ക്കാ ഫാക്ടറിയും

കശുവണ്ടി ഫാക്ടറിയും തുടങ്ങുമെന്ന പ്രഖ്യാപനത്തെക്കുറിച്ച് വ്യക്തമാക്കണം. മുൻ ഗവൺമെന്റിന്റെ കാലത്ത് ഉദുമയിൽ കൊണ്ടുവന്ന ടെക്സ്റ്റൈൽ മില്ലിനെക്കുറിച്ച് ബഡ്ജറ്റിൽ പ്രതിപാദിക്കാത്തത് പ്രതിഷേധാർഹമാണ്. ബേക്കൽ ടൂറിസം പദ്ധതിക്കുവേണ്ടി തുക വകയിരുത്തിയിട്ടില്ല. അവിടെ വിമാനത്താവളം സ്ഥാപിക്കുന്നതിന് സ്ഥലം അക്വയർ ചെയ്യുന്നതിനാവശ്യമായ തുക നീക്കിവയ്ക്കണം. കാസർഗോഡ് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന മെഡിക്കൽ കോളേജ് തെക്കൻ കേരളത്തിൽ മാറ്റിസ്ഥാപിക്കാനുള്ള ശ്രമം ഉപേക്ഷിക്കണം. കേരളത്തിനനുവദിച്ച കേന്ദ്ര സർവ്വകലാശാല കാസർഗോഡ് തന്നെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. എൻഡോസൾഫാൻ ബാധിതർക്ക് കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും 50,000 രൂപ നൽകിയതിനെ ഒരു ലക്ഷം രൂപ നൽകിയെന്ന് പ്രചാരണം നടത്തുന്നത് അപഹാസ്യമാണ്. കണ്ണൂർ ആസ്ഥാനമായുള്ള ഫോക്ക്‌ലോർ അക്കാഡമിയെക്കുറിച്ച് ഈ ബഡ്ജറ്റിൽ പരാമർശമില്ല. ജനദ്രോഹപരമായ ഒരു ബഡ്ജറ്റാണിത്.

ശ്രീ. പി.ബി. അബ്ദുൾ റസാക്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അടിസ്ഥാനസൗകര്യ വികസനമുൾപ്പെടെ കൃഷി, ആരോഗ്യം തുടങ്ങിയ സകല മേഖലകൾക്കും ഊന്നൽ നൽകി അവതരിപ്പിച്ച ബഡ്ജറ്റ് ജനങ്ങളോടുള്ള ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധതയെയാണ് സൂചിപ്പിക്കുന്നത്. കേരളത്തിന്റെ വികസനത്തിന് മുന്നേറ്റമുണ്ടാക്കാൻ ഈ ബഡ്ജറ്റിലൂടെ കഴിഞ്ഞിട്ടുണ്ട്. ഈ ബഡ്ജറ്റിനെ രാഷ്ട്രീയ വിരോധം കൊണ്ടുമാത്രം എതിർക്കുന്നത് ശരിയല്ല. കർഷക പെൻഷനടക്കം നിരവധി ക്ഷേമപ്രവർത്തനങ്ങൾക്ക് തുക വർദ്ധിപ്പിച്ച മന്ത്രിയെ അഭിനന്ദിക്കുന്നു. പാവപ്പെട്ടവർക്കുവേണ്ടിയുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കണ്ണൂരിൽ

വിമാനത്താവളം, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ മെഡിക്കൽ കോളേജുകൾ എന്നിവ അനുവദിച്ചത് അഭിനന്ദനാർഹമാണ്. മലയോര മേഖലയ്ക്ക് പ്രത്യേക പരിഗണന ബഡ്ജറ്റിൽ നൽകിയിട്ടുണ്ട്. എൻഡോ സൾഫാൻ ദുരിതബാധിതർക്ക് ആശ്വാസം നൽകുമെന്നുള്ള ഗവൺമെന്റ് പ്രഖ്യാപനം സ്വാഗതാർഹമാണ്. കശുവണ്ടി, അടയ്ക്ക കർഷകർക്കായി പദ്ധതികൾ ആവിഷ്ക്കരിച്ചത് പ്രശംസനീയമാണ്. അഞ്ചുവർഷം ഭരിച്ചിട്ടും എൽ.ഡി.എഫ്. സർക്കാരിന് പ്രാവർത്തികമാക്കാൻ സാധിക്കാത്ത സ്മാർട്ട് സിറ്റി പദ്ധതിക്ക് ആരംഭം കുറിക്കാൻ ഈ സർക്കാരിന് സാധിച്ചു. മഞ്ചേശ്വരത്ത് ഫിഷിംഗ് ഹാർബറും ഉറുദു/കന്നഡ അക്കാഡമിയും അനുവദി ക്കുന്നതിനുള്ള പ്രൊവിഷൻ കൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണം.

ശ്രീ. കെ.വി. വിജയദാസ്: ബഡ്ജറ്റിനെ എതിർക്കുന്നു. കർഷക വിരുദ്ധ നടപടികളാണ് ബഡ്ജറ്റിലുള്ളത്. വിലക്കയറ്റം തടഞ്ഞുനിർത്താൻ വലിയ സംഭാവന നൽകിയിട്ടുള്ള കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാൻ യാതൊരു നടപടിയും ബഡ്ജറ്റിൽ സ്വീകരിച്ചിട്ടില്ല. ഇടതുമുന്നണി സർക്കാർ പ്രഖ്യാപിച്ച ശയ്യാവലംബരും അശരണരുമായവർക്കുള്ള ധനസഹായം, മാനസികരോഗികൾക്കും അവരുടെ ശുശ്രൂഷകർക്കും വേണ്ടി പ്രഖ്യാപിച്ച 300 രൂപയുടെ ധനസഹായം, ശ്രവണ വൈകല്യമുള്ള കുട്ടികളുടെ ശസ്ത്രക്രിയയ്ക്കായി പ്രഖ്യാപിച്ച രണ്ട് ലക്ഷം രൂപയുടെ ധനസഹായം, അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാ സത്തിന് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി, സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്കും നഴ്സുമാർക്കും പ്രഖ്യാപിച്ചിരുന്ന ക്ഷേമനിധി, സർക്കസ് കലാകാരന്മാർക്ക് പ്രഖ്യാപിച്ച പെൻഷൻ തുടങ്ങി നിലവിലുള്ള ക്ഷേമ പദ്ധതികൾ ഇല്ലാതാക്കുന്ന സമീപനമാണ് ബഡ്ജറ്റിലു

ടനീളമുള്ളത്. പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിൽ വ്യാപകമായിരിക്കുന്ന പകർച്ചവ്യാധികൾ തടയാൻ യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് പകർച്ചവ്യാധികൾ തടയാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിരുന്നു. ഈ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ആശുപത്രികളും തകർക്കുകയും സ്വകാര്യ സ്ഥാപനങ്ങളെ വളർത്തുകയും ചെയ്യുന്ന നിലപാടാണ് സ്വീകരിക്കുന്നത്. സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ മാറ്റിയെടുക്കാനും ക്വാളിറ്റിയുള്ള ഡോക്ടർമാരെ വാർത്തെടുക്കുന്നതിനുമായി മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കാനും മുൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച മലബാർ പാക്കേജ് പ്രകാരം 178 ഹൈസ്ക്കൂളുകളിൽ പ്ലസ് ടൂ അനുവദിക്കാനും പ്ലസ് ടൂ സ്ക്കൂളുകൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും പ്ലസ് ടൂ കോഴ്സ് അനുവദിക്കാനും കഴിഞ്ഞിരുന്നു. സ്റ്റേറ്റ് ഹൈവേ 38-ന്റെ പുനരുദ്ധാരണത്തിന് കഴിഞ്ഞ സർക്കാർ അനുവദിച്ചിരുന്ന വിഹിതം ഈ ബഡ്ജറ്റിലും ഉൾപ്പെടുത്തണം.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാന പുരോഗതിക്കുവേണ്ട നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള നടപടികളെ പ്രോത്സാഹിപ്പിക്കുന്ന ബഡ്ജറ്റാണിത്. അതിവേഗം ബഹുദൂരം കേരളത്തെ നയിക്കാനും വികസനവും കരുതലുമെന്ന

മുദ്രാവാക്യം പ്രാവർത്തികമാക്കാനും ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾക്ക് സാധിക്കും. ബഡ്ജറ്റിൽ 1000 കിലോ മീറ്റർ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി 5,100 കോടി രൂപ കണ്ടെത്തുന്നതിനായി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് രൂപീകരിക്കുമെന്ന തീരുമാനവും പുതിയ റോഡുകൾക്കായി 325 കോടി രൂപ മാറ്റിവയ്ക്കുന്ന നടപടിയും റിംഗ് റോഡുകളും ബൈപ്പാസ് റോഡുകളും നിർമ്മിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. മലയോര വികസന അതോറിറ്റി രൂപീകരിക്കുന്നതിന് 5 കോടി രൂപയും ഹിൽ ഹൈവേ ഗതാഗത വികസനത്തിന് 5 കോടി രൂപയും ഇവയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 10 ലക്ഷം രൂപയും മാറ്റിവച്ചിട്ടുള്ളത് ഗുണപ്രദമാണ്. മലയോര വികസന അതോറിറ്റി രൂപീകരിക്കുമ്പോൾ പരിസര പ്രദേശങ്ങളിലെ പിന്നോക്ക പ്രദേശങ്ങളെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരണം. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കർഷകർക്കുള്ള പെൻഷൻ പദ്ധതി സ്വാഗതാർഹമാണ്. മലബാർ മേഖലയിലെ നാളികേര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. വിദ്യാഭ്യാസ രംഗം സമഗ്രമായി പരിഷ്ക്കരിക്കാനും 10-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണവും യൂണിഫോമും ഇൻഷ്വറൻസ് പദ്ധതിയും ഏർപ്പെടുത്താൻ തീരുമാനിച്ചത് അഭിനന്ദനീയമാണ്. കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഒരു റെഗുലർ കോളേജ് സ്ഥാപിക്കണം. സമൂഹത്തിലെ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് പലിശരഹിത പെൻഷൻ പദ്ധതി പ്രഖ്യാപിക്കണം. വ്യവസായ മേഖലയിൽ കൂടുതൽ തൊഴിൽ സംരംഭങ്ങളുണ്ടാക്കാൻ നടപടി സ്വീകരിക്കണം. ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം

നൽകുന്നതിനുവേണ്ടി വ്യവസായ വകുപ്പിന്റെ കീഴിൽ അനാഥമായി കിടക്കുന്ന സ്ഥലങ്ങൾ ഉപയോഗപ്പെടുത്തണം. ഭാഗപത്രം രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാംപ് ഡ്യൂട്ടി കുറയ്ക്കാൻ തീരുമാനിച്ചത് നല്ല കാര്യമാണ്. റവന്യൂ വകുപ്പ് ഏറ്റെടുത്ത ഭൂമി പണം അടയ്ക്കുന്ന മുറയ്ക്ക് ആ കർഷകന് തന്നെ തിരിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കണം. വീടുകളിൽ ശുശ്രൂഷിക്കപ്പെടുന്ന മാരകമായ രോഗം പിടിപെട്ടിട്ടുള്ള ആളുകളെക്കൂടി പുതിയ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടു വരണം. സി.എച്ച്.സി.കൾക്കും താലൂക്കാശുപത്രികൾക്കും ആവശ്യമായ കിടക്കകൾ അനുവദിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്യണം. സ്വന്തമായി ട്രെഞ്ചിംഗ് ഗ്രൗണ്ടുള്ള പഞ്ചായത്തുകൾക്ക് ഖരമാലിന്യ സംസ്കരണത്തിനുവേണ്ട ബൃഹത്തായ പ്ലാന്റുകൾ സ്ഥാപിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകണം.

<u>ശ്രീ. ജി.എസ് ജയലാൽ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. എൽ.ഡി.എഫ് ഗവൺമെന്റ് സംസ്ഥാനത്തിന്റെ ദുർബലമായ ധനസ്ഥിതിയെ കെട്ടുറപ്പുള്ള താക്കി, സാമ്പത്തിക വളർച്ചയുടെ പാതയിലേയ്ക്ക് നയിച്ചു. ചെലവ് ചുരുക്കി കമ്മി കുറയ്ക്കുക എന്ന നവലിബറൽ നയത്തിന് പകരമായി ഉയർന്ന ചെലവുകൾ നേരിടാൻ വരുമാനമുയർത്തുന്ന ബദൽ നയമാണ് എൽ.ഡി.എഫ് ഗവൺമെന്റ് സ്വീകരിച്ചത്. 2001-06-ലെ യു.ഡി.എഫ്. ഭരണ കാലത്തെ ശരാശരി നികുതി പിരിവ് 8,011 കോടി രൂപയായിരുന്നുവെങ്കിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഭരണത്തിൽ വാർഷിക ശരാശരി 16,339 കോടി രൂപ യായി ഉയർന്നിട്ടുണ്ട്. ഈ വരുമാന വർദ്ധനവുമൂലം ഉയർന്ന തോതിലുള്ള പദ്ധതിച്ചെലവ് ഏറ്റെടുക്കുന്നതിന് കഴിഞ്ഞ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന പല സാമൂഹിക ക്ഷേമ പദ്ധതികളും ഒഴിവാക്കിക്കൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. തുറമുഖ - ടൂറിസം വികസനത്തിന്റെ കാര്യത്തിൽ കൊല്ലം ജില്ലയ്ക്ക് യാതൊരു പരിഗണനയും ഈ ബഡ്ജറ്റിൽ നൽകിയിട്ടില്ല. രണ്ടുലക്ഷത്തിലധികം വരുന്ന കശുവണ്ടി തൊഴിലാളികൾക്കുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് നീക്കിവച്ച 52 കോടി രൂപ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് എൽ.ഡി.എഫ്. ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികൾ ഈ ബഡ്ജറ്റിൽ ഒഴിവാക്കിയിരിക്കുന്നു. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിക്ക് യാതൊന്നും വകയിരുത്തിയിട്ടില്ല.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. എല്ലാ ജനവിഭാഗങ്ങളേയും സ്പർശിക്കുന്ന രീതിയിൽ തയ്യാറാക്കിയിട്ടുള്ള ഒരു ബഡ്ജറ്റാണിത്. കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനും പരിഷ്ക്കരണത്തിനുമായി മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിക്ക് പുറമെ ഒരു കോടിരൂപ കൂടി ടോക്കൺ പ്രൊവിഷനായി വച്ചിട്ടുണ്ട്. എറണാകുളത്ത് അറ്റ്ലാന്റിസ് പാലത്തിനുള്ള ലാന്റ് അക്വിസിഷനുവേണ്ടി 48 കോടി രൂപയും സ്മാർട്ട് സിറ്റിക്കുള്ള പെരിഫറൽ റോഡുകൾക്കുവേണ്ടി 10 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. വൈറ്റില മൊബിലിറ്റി ഹബ്ബ്, മെട്രോ റെയിൽ പദ്ധതി, എറണാകുളത്തെ കുടിവെള്ള പദ്ധതി എന്നിവയ്ക്കാവശ്യമായ തുകയും വകയിരുത്തിയിട്ടുണ്ട്. നാല് പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാനും ക്യാൻസർ, കിഡ്നി, ഹൃദയ ചികിത്സ എന്നിവയ്ക്ക് പ്രത്യേക ലോട്ടറി കൊണ്ടുവരാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. വിദ്യാധനം വായ്പാ പദ്ധതി, ഖരമാലിന്യ സംസ്ക്കരണ പദ്ധതി എന്നിവ നടപ്പിലാക്കാൻ

തീരുമാനിച്ചത് ശ്ലാഘനീയമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ മേഴ്സിക്കുട്ടൻ അത്‌ലറ്റിക് അക്കാദമിക്ക് ഉൾപ്പെടുത്തിയിരുന്ന 25 ലക്ഷം രൂപ ഈ ബഡ്ജറ്റിലും ഉൾപ്പെടുത്തണം. കൾച്ചറൽ മെനാല, യുനെസ്കോ തുടങ്ങിയ പദ്ധതികൾക്കുള്ള പണം കണ്ടെത്തണം. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൻകീഴിൽ തൊഴിലാളികൾക്ക് കൊടുത്തുതീർക്കാനുള്ള തുക നൽകാൻ നടപടി സ്വീകരിക്കണം. തീരദേശ വികസന അതോറിറ്റി പ്രാവർത്തികമാക്കാനും ഫോർട്ടുകൊച്ചിയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. മട്ടാഞ്ചേരി അർബൻ ചേരി നിർമ്മാർജ്ജനത്തിനുവേണ്ടി പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണം. പഴയ മട്ടാഞ്ചേരി പാലത്തിന്റെ അറ്റകുറ്റപ്പണി നടത്താൻ നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച നികുതി നിർണ്ണയം സംബന്ധിച്ച് പുനരാലോചന നടത്തണം.

പ്രൊഫ. സി. രവീന്ദ്രനാഥ് : ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യ ബോധവും ദീർഘവീക്ഷണവുമില്ലാത്ത ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റ് ആഗോളവൽക്കരണ സാമ്പത്തിക ദർശനത്തിന് ബദലായ സമീപനമുള്ളതും യു.ഡി.എഫ്.-ന്റേത് ആഗോളവൽക്കരണ സ്പർശമുള്ളതുമാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഓരോ നിയോജകമണ്ഡലത്തിലും നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പകുതിപോലും ഈ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് നടപ്പാകില്ലെന്ന് നിസ്സംശയം പറയാം. കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനം കൊണ്ട് സാമ്പത്തിക മാന്ദ്യം ഉണ്ടായിട്ടുണ്ടെങ്കിൽ അത് തെളിയിക്കാനുള്ള ആർജ്ജവം കാണിക്കണം. കഴിഞ്ഞ

അഞ്ച് വർഷവും പൊതുനികുതി ഈടാക്കാതെതത്തന്നെ റവന്യൂ വരുമാന ത്തിലുണ്ടായിരിക്കുന്ന വർദ്ധനവ് ശ്രദ്ധേയമാണ്. **1,963** കോടി രൂപയുടെ ട്രഷറിനിക്ഷേപവും ഡി.എ. കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തതും ക്ഷേമപെൻഷനുകൾ വിതരണം ചെയ്തതുമെല്ലാം എടുത്തുപറയേണ്ട നേട്ടങ്ങളാണ്. കേരളത്തിൽ കടത്തിന്റെ വളർച്ചാ നിരക്ക് എൽ.ഡി.എഫ്. ഭരണകാലത്ത് കുറയുകയാണുണ്ടായത്. പലിശനിരക്ക് വർദ്ധിക്കാത്ത സാഹചര്യത്തിൽ കേരളത്തിൽ മാന്ദ്യമുണ്ടെന്ന് പറയാൻ കഴിയില്ല. ഈ ബഡ്ജറ്റിലെ സാമ്പത്തികനയം തുടരുകയാണെങ്കിൽ വരാൻ പോകുന്ന അഞ്ച് വർഷത്തിനുള്ളിൽ സാമ്പത്തികമാന്ദ്യം ഉറപ്പാണ്. കഴിഞ്ഞ ഗവൺമെന്റ് നാടിന്റെ ഉൽപാദന-പശ്ചാത്തല വികസന മേഖലയിലേക്ക് പരമാവധി പണം ചെലവുചെയ്തുകൊണ്ടാണ് ധനസ്ഥിതി മെച്ചപ്പെടുത്തി യത്. കൊടകര മണ്ഡലത്തിൽ ഇ.എം.എസ്. ഭവന പദ്ധതിയിലൂടെ 2800 വീടുകളും ഐ.എ.വൈ. അടക്കം മൊത്തം 5000 വീടുകൾ നിർമ്മിച്ചുനൽകി സമ്പൂർണ്ണ ഭവന മണ്ഡലമായി പ്രഖ്യാപിക്കുകയുണ്ടായി. കഴിഞ്ഞ ബഡ്ജറ്റിൽ ഒരു മണ്ഡലത്തിൽ മാത്രം 50 കോടി രൂപ മുതൽമുടക്കിയ പ്പോൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത് 20 കോടി രൂപ മാത്രമാണ്. കോടിക്കണക്കിന് രൂപ നിക്ഷേപിച്ചുകൊണ്ട് എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചു. എല്ലാവർക്കും വീട്, എല്ലാവർക്കും വെളിച്ചം എന്നീ പദ്ധതികൾ കേരളത്തിന് നഷ്ടപ്പെടാൻ പോകുകയാണ്. 1,000 കോടി രൂപയുടെ നിക്ഷേപം നടത്തിയ മലബാറിലെ ജലസേചന-കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാനുള്ള പദ്ധതി തുടരാൻ നടപടിയുണ്ടാകണം. ശ്രീ. കെ. ജെ. യേശുദാസ് നേരിട്ട് നേതൃത്വം

നൽകുന്ന ബധിരരായ കുട്ടികൾക്ക് കേൾവി കിട്ടുന്നതിനുള്ള ഓപ്പറേഷനു വേണ്ടി 5 കോടി രൂപ സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കണം. സാക്ഷരതാ പ്രേരക്മാരുടെ വേതനം 2,000 രൂപയായി വർദ്ധിപ്പിക്കാനുള്ള പ്രഖ്യാപനം യാഥാർത്ഥ്യമാക്കണം.

**വ്യക്തിപരമായ വിശദീകരണം**

ശ്രീ. ടി. എൻ. പ്രതാപൻ : ഇന്നത്തെ ബഡ്ജറ്റ് ചർച്ചാവേളയിൽ ഞാൻ പങ്കെടുക്കാതിരുന്നത് സംബന്ധിച്ച് തെറ്റായ വ്യാഖ്യാനങ്ങൾ നടത്തിയിരിക്കുന്നത് അടിസ്ഥാനരഹിതമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ കുഴൂർ കാലിത്തീറ്റ ഫാക്ടറിയുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചയിൽ പങ്കെടുക്കാൻ പോയതാണ്. പാർലമെന്ററി പാർട്ടിയുടെ അനുമതിയോടുകൂടി അടുത്ത ദിവസം ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : പ്രതിപക്ഷ നേതാവിന്റെ മകനുമായി ബന്ധപ്പെട്ട വിഷയം ഇന്നലെ സഭയിൽ ഉന്നയിക്കുകയും ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമിയിൽ ഡയറക്ടറായുള്ള നിയമനത്തെ സംബന്ധിച്ച വിഷയത്തിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെടുകയുമുണ്ടായി. ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഞാൻ ഉന്നയിച്ച ആക്ഷേപം പിൻവലിച്ച് മാപ്പ് പറയണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും ആ വിഷയത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. വിജിലൻസ് അന്വേഷണമോ നിയമസഭാ കമ്മിറ്റിയുടെ അന്വേഷണമോ ഏതാണെങ്കിലും എന്റെ കൈവശമുള്ള രേഖകൾ നൽകി അന്വേഷണവുമായി സഹകരിക്കാൻ തയ്യാറാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u> : ശ്രീ. പി. സി. വിഷ്ണുനാഥ് ഇന്നലെ പ്രതിപക്ഷ നേതാവിന്റെ മകനെതിരായി ഉന്നയിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണത്തിന് പ്രതിപക്ഷനേതാവിന് ചെയർ ഇന്ന് അവസരം നൽകിയിരുന്നു. പ്രതിപക്ഷനേതാവ് നൽകിയ വിശദീകരണത്തിൽ തനിക്കെതിരെ ഉന്നയിച്ച ആരോപണത്തിൽ ശ്രീ. പി.സി. വിഷ്ണുനാഥ് ഉറച്ചുനിൽക്കുന്നുവെങ്കിൽ ഒരു നിയമസഭാ കമ്മിറ്റിയെ വച്ച് അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. ശ്രീ. പി. സി. വിഷ്ണുനാഥ് പ്രതിപക്ഷനേതാവിനെതിരെ ഉന്നയിച്ച ആരോപണങ്ങളിൽ ഉറച്ചുനിൽക്കുന്ന സാഹചര്യത്തിലും നിയമസഭാ കമ്മിറ്റിയെ വച്ച് അന്വേഷിക്കണമെന്ന് പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടിരിക്കുന്നതിനാലും ഇതേപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു പ്രത്യേക നിയമസഭാ കമ്മിറ്റി രൂപീകരിക്കാൻ ചെയർ തീരുമാനിക്കുകയാണ്. സമിതിയുടെ ഘടന സംബന്ധിച്ച തീരുമാനം പിന്നീട് അറിയിക്കുന്നതാണ്.

സഭ വൈകുന്നേരം 4.03-ന് പിരിഞ്ഞു.